"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - കെസിസിപി ലിമിറ്റഡ് - പഴക്കം ചെന്ന കാർ മാറ്റി പുതിയ കാർ വാങ്ങുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എച്ച്) വകുപ്പ്**

**സ.ഉ.(കൈ) നം.6/2023/ID തീയതി,തിരുവനന്തപുരം, 27-01-2023**

---

പരാമർശം:-

1. കെസിസിപി ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 27.08.2022 ലെ കെസിസിപി/ജി.എൽ/034/70/2022-23, 12.12.2022 ലെ കെസിസിപി/ജി.എൽ/034/128/2022-23 എന്നീ നമ്പർ കത്തുകൾ
2. സ.ഉ (കൈ) നം. 72/2013/പൊഭവ, തീയതി 14.03.2013

**ഉത്തരവ്**

കേരള ക്ലേയ്സ് ആൻറ് സെറാമിക്സ് പ്രോഡക്ടസ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള 2012 ഫെബ്രുവരി മോഡൽ ഫോർഡ് ഫിയസ്റ്റ ഡീസൽ കാർ 1,40,000 കിലോമീറ്ററിലധികം പിന്നിട്ടിരിക്കുന്നതായും പ്രസ്തുത വാഹനത്തിന്റെ റീസെയിൽ വാല്യു വളരെ കുറവാണെന്നും പൊതുമരാമത്ത് അധികാരികൾ നൽകിയിട്ടുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം വാഹനത്തിന്റെ വില 1.5 ലക്ഷം രൂപയാണെന്നും പരാമർശം (1) പ്രകാരം കെസിസിപി ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

2. വാഹനത്തിന് പതിവായി തകരാറുകൾ ഉണ്ടാകുകയും അറ്റകുറ്റപ്പണി ചെലവുകൾ വർദ്ധിക്കുകയും മാത്രവുമല്ല ഫോർഡ് 2021 സെപ്റ്റംബറിൽ ഇന്ത്യയിൽ കാറുകളുടെ ഉത്പാദനം നിർത്തിയത് കാരണം വാഹനം തകരാറിലാകുമ്പോൾ സ്പെയറുകൾ ലഭിക്കാൻ ഏകദേശം 25-30 ദിവസത്തെ കാലതാമസം ഉണ്ടാകുന്നതായും ആകയാൽ 2012-ൽ വാങ്ങിയ നിലവിലെ ഫോർഡ് ഫിയസ്റ്റ കാർ മാറ്റി 20 ലക്ഷത്തിൽ കവിയാത്ത ഒരു പുതിയ കാർ വാങ്ങുന്നതിന് അനുവാദം നൽകണമെന്ന് കെ.സി.സി.പി. ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ പരാമർശം (1) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

3. മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള ക്ലേയ്സ് ആൻറ് സെറാമിക്സ് പ്രോഡക്ടസ് ലിമിറ്റഡ് ചെയർമാന്റെ ഉപയോഗത്തിനായി, നിലവിൽ ഉപയോഗിച്ചുവരുന്ന 2012 മോഡൽ ഫോർഡ് ഫിയസ്റ്റ ഡീസൽ കാറിന് പകരം 20 ലക്ഷം രൂപയിൽ കവിയാതെ കമ്പനിയുടെ ഫണ്ട് ഉപയോഗിച്ച് ഒരു പുതിയ കാർ വാങ്ങുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**എ പി എം മുഹമ്മദ് ഹനീഷ്**

**പ്രിൻസിപ്പൽ സെക്രട്ടറി**

മാനേജിംഗ് ഡയറക്ടർ, കെസിസിപി ലിമിറ്റഡ്, പാപ്പിനിശ്ശേരി, കണ്ണൂർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്സ്.എസ്സ്.എ)/(ഇ & ആർ.എസ്സ്.എ) കേരള, തിരുവനന്തപുരം.

പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം. തീയതി, )

ധനകാര്യ വകുപ്പ് (07.11.2022 ൽ പി.യു.ഡി2/137/2022/ധന നമ്പർ ഫയലിലെ അഭിപ്രായം പ്രകാരം)

സ.ഉ.(കൈ) നം.6/2023/ID

വെബ് & ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

ഓഫീസ് കോപ്പി/കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
AJITHKUMAR A
Date: 27-01-2023 17:11:15

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ പി.എസി ന്
2. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (II) യുടെ പി.എയ്ക്ക്

രഹസ്യം

**കേരള സർക്കാർ**

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 25-01-2023**

ഫയൽ നം. വ്യവ-എച്ച്2/195/2022/വ്യവ. ഇനം നം: 1339

വിഷയം : വ്യവസായ വകുപ്പ് - കെസിസിപി ലിമിറ്റഡ് ചെയർമാന്റെ ഉപയോഗത്തിനായി, പഴയ കാറിന് പകരം ഒരു പുതിയ കാർ വാങ്ങുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്.

27/1/23

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | വ്യവ.-എച്ച് 2/195/2022-വ്യവ |
| 2 | വകുപ്പ് | വ്യവസായ (എച്ച്) വകുപ്പ് |
| 3 | വിഷയം | കെസിസിപി ലിമിറ്റഡ് ചെയർമാന്റെ ഉപയോഗത്തിനായി, പഴയ കാറിന് പകരം ഒരു പുതിയ കാർ വാങ്ങുന്നത് -സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 26.11.2022 Klet #20 |
| 5 | (I) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | ഇല്ല |
| 7 | കരട് കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി.എം.എ.റജീന ബീഗം |
| 8 | കരട് കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീ.എ.പി.എം.മുഹമ്മദ് ഹനീഷ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 14-12-2022 |
| 10 | കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 20.01.23. |
| 12 | കരട് കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.പി.രാജീവ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 23.01.23 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 24.01.23 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കരട് കുറിപ്പ്

കെസിസിപി ലിമിറ്റഡ് ചെയർമാന്റെ ഉപയോഗത്തിനായി, പഴയ കാറിന് പകരം ഒരു പുതിയ കാർ വാങ്ങുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. കെസിസിപി ലിമിറ്റഡ് കമ്പനിയുടെ ഉടമസ്ഥതയിലുള്ള 2012 ഫെബ്രുവരി മോഡൽ ഫോർഡ് ഫിയസ്റ്റ ഡീസൽ കാർ 1,40,000 കിലോമീറ്ററിലധികം ഓടിക്കഴിഞ്ഞതായും അതിന്റെ റീസെയിൽ വാല്യൂ വളരെ കുറവാണെന്നും കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തു. പൊതുമരാമത്ത് അധികാരികൾ നൽകിയിട്ടുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം വാഹനത്തിന്റെ വില 1.5 ലക്ഷം രൂപയാണ്. വാഹനത്തിന് പതിവായി തകരാറുകൾ ഉണ്ടാകുകയും അറ്റകുറ്റപ്പണി ചെലവുകൾ വർദ്ധിക്കുകയും ചെയ്യുന്നു. ഫോർഡ് 2021 സെപ്റ്റംബറിൽ ഇന്ത്യയിൽ കാറുകളുടെ ഉത്പാദനം നിർത്തിയത് കാരണം വാഹനം തകരാറിലാകുമ്പോൾ സ്പെയറുകൾ ലഭിക്കാൻ ഏകദേശം 25-30 ദിവസത്തെ കാലതാമസം ഉണ്ടാകുന്നതായും ആകയാൽ 2012-ൽ വാങ്ങിയ നിലവിലെ ഫോർഡ് ഫിയസ്റ്റ കാർ മാറ്റി 20 ലക്ഷത്തിൽ കവിയാത്ത ഒരു പുതിയ കാർ വാങ്ങുന്നതിന് അനുവാദം നൽകണമെന്ന് കെ.സി.സി.പി. ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി. കഴിഞ്ഞ അഞ്ച് വർഷത്തെ കെസിസിപി ലിമിറ്റഡിന്റെ സാമ്പത്തിക നില ചുവടെ ചേർക്കുന്നു.

(തുക ലക്ഷത്തിൽ)

| 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|
| -487.72 | -288.31 | -366.87 | -378.00 | -182.88 |

3. 12.08.2022 ന് നടന്ന കെസിസിപി ലിമിറ്റഡിന്റെ 175-ാമത് ബോർഡ് യോഗം പഴയ വാഹനത്തിന് പകരം 20 ലക്ഷം രൂപയിൽ അധികരിക്കാതെ പുതിയ കാർ വാങ്ങുവാൻ തീരുമാനമെടുത്തിട്ടുണ്ട്.

4. പ്രൊപ്പോസൽ ശിപാർശ ചെയ്ത് ധനകാര്യ വകുപ്പിലേയ്ക്ക് അഭിപ്രായത്തിനായി അയച്ചപ്പോൾ ടി വകുപ്പ് ചുവടെപ്പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി-

"ഭരണ വകുപ്പ് ശുപാർശ അംഗീകരിക്കുന്നു.

ഇതിന് ബഹു.ധനകാര്യ മന്ത്രിയുടെ അംഗീകാരമുണ്ട്."

5. 14.03.2013 ലെ സ.ഉ(കൈ) നം.72/2013/പൊഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 10 ലക്ഷം രൂപയിൽ കൂടുതൽ വിലയുള്ള വാഹനങ്ങൾ വാങ്ങുന്നതിന് മന്ത്രിസഭയുടെ മുൻകൂർ അനുമതി ആവശ്യമാണ്.

6. ഫയൽ ബഹു.മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ, വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

**<u>തീരുമാനമെടുക്കേണ്ട വിഷയം</u>**

കെസിസിപി ലിമിറ്റഡ് ചെയർമാന്റെ ഉപയോഗത്തിനായി, നിലവിൽ ഉപയോഗിച്ചുവരുന്ന 2012 മോഡൽ പഴയ ഫോർഡ് ഫിയസ്റ്റ ഡീസൽ കാറിന് പകരം 20 ലക്ഷം രൂപയിൽ കവിയാതെ കമ്പനിയുടെ ഫണ്ട് ഉപയോഗിച്ച് ഒരു പുതിയ കാർ വാങ്ങുന്നതിന് അനുമതി നൽകാമോ?

14/12/22

14/12/22

14/12/22

20/1/23

23/1/23.

# GOVERNMENT OF KERALA
# (SRI.PINARAYI VIJAYAN MINISTRY)
# DRAFT NOTE FOR THE COUNCIL OF MINISTERS

| | | |
|---|---|---|
| 1 | File No. | : IND-H2/195/2022-IND. |
| 2 | Department | : Industries (H) Department |
| 3 | Subject | : Purchasing a new car for the use of the Chairman, KCCP Limited, by replacing the old car-Reg |
| 4 | Date of Chief Minister's order for placing before the Council. | : 26.11.2022 KM #20 |
| 5 | (i) Does the case involve financial commitments/implications<br>(ii) if the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note? | : Yes<br><br>: Yes |
| 6 | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | : No |
| 7 | Name of Additional Secretary who submitted the Draft Note. | : Smt.M.A.Rajeena Beegum |
| 8 | Name of Principal Secretary who approved the Draft Note. | : Sri. A.P.M. Mohammed Hanish |
| 9 | Date of approval of the Draft Note for the Council by the principal Secretary | : 14-12-2022 |
| 10 | Name of Chief Secretary who approved the Draft Note | : Dr. V.P. Joy |
| 11 | Date of approval of the Draft Note for the Council by the Chief Secretary | : 20.01.23. |
| 12 | Name of Minister who approved the Draft Note | : Sri. P. Rajeeve |
| 13 | Date of approval of the Draft Note for the Council by the Minister | : 23.01.2023 |
| 14 | Date of submission of fair copies | : 24.01.2023 |
| 15 | Date of decision by the Council of Ministers | : |
| 16 | Number and date of the G.O./letter communicating the decision. | : |

## Draft Note for Council of Ministers

This note deals with the proposal for purchasing a new car for the use of the Chairman, KCCP Limited, by replacing the old car.

2. The Managing Director, KCCP Limited reported that the 2012 February model Ford Fiesta diesel owned by the company has run more than 1,40,000 KMs and its resale value is very low. As per the Valuation certificate issued by the PWD authorities, price of the vehicle is fixed as Rs.1.5 Lakh. Frequent complaints are occurring and maintenance costs are also high. Ford stopped production of Cars in India in September 2021 and therefore a delay of about 25-30 days is found in getting spares, the Managing Director, KCCP Limited requested to Government approval for purchasing a new car for the use of Chairman not exeeding Rs.20 lakhs by replacing the existing Ford Fiesta car purchsed during February 2012. Financial performance of KCCPL for the last 5 years is as follows:

(Rs. in Lakhs)

| 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|
| -487.72 | -288.31 | -366.87 | -378.00 | -182.88 |

3. 175th Board Meeting of the KCCP Limited held on 12.08.2022 decided to replace the vehicle with a new one not exceeding Rs.20 Lakh.

4. When the proposal was recommended and forwarded to Finance Department for remarks, that Department offered the following remarks.

"ഭരണ വകുപ്പ് ശുപാർശ അംഗീകരിക്കുന്നു.

ഇതിന് ബഹു.ധനകാര്യ മന്ത്രിയുടെ അംഗീകാരമുണ്ട്."

5. As per G.O (Ms) No.72/2013/GAD dated 14.03.2013 purchase of vehicles costing more than Rs.10 Lakh requires prior approval of the Cabinet.

6. When the file was circulated to the Hon'ble Chief Minister, it was ordered to place the matter for consideration of the Council of Ministers.

## POINT FOR DECISION

Whether sanction may be accorded for the purchase a new car, not exceeding Rs.20 Lakh for the use of the Chairman, KCCP Limited, by replacing the old 2012 model Ford Fiesta car using own funds of the company?

14/12/22

16/12/22

20/1/23

23/1/23